## വധശ്രമകേസിലെ പ്രതി അറസ്റ്റിൽ.

കൊല്ലം : കിളികൊല്ലൂർ നക്ഷത്ര നഗർ ബംഗ്ലാവിൽ പടിഞ്ഞേറ്റതിൽ മണികണ്ഠൻ എന്നയാളെ വെട്ടിപ്പരിക്കേൽപ്പിച്ചതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതികളിൽ ഒരാളായ കല്ലും താഴം ചമ്പക്കുളം നക്ഷത്ര നഗറിൽ രാജേഷ് ഭവനിൽ അശോകൻ ലാൽ മകൻ രാജേഷ് അറസ്റ്റിലായത്.

കിളികൊല്ലൂർ പറങ്കിമാംവിള ഷഫീക്ക് എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ചതിലേക്ക് കേസ് കൊടുത്തതിലുള്ള വിരോധത്തിൽ വീണ്ടും ആയാളെ ദേഹോപദ്രവമേൽപ്പിക്കാൻ എത്തിയ പ്രതികളെ നാട്ടുകാരനായ മണികണ്ഠനും മറ്റും തടസ്സപ്പെടുത്തി പിൻതിരിപ്പിച്ചതിലുള്ള വിരോധം ചാടിവീട് മണികണ്ഠന്റെ തലയ്ക്കും കാലിലും വെട്ടിപ്പരിക്കേൽപ്പിക്കുകയും നിലത്തിട്ട് ചവിട്ടിയും പത്തൽ കമ്പ് കൊണ്ടടിച്ചും മാരകമായി പരിക്കേൽപ്പിച്ചതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയാണ്രാജേഷ്.



രാജേഷ്

സംഭവത്തിനുശേഷം ഒളിവിൽപ്പോയ പ്രതികളിൽ ഒരാളായ രാജേഷിനെപ്പറ്റി കൊല്ലം സിറ്റി പോലീസ് കമ്മീഷണറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് കിളികൊല്ലൂർ ഐഎസ്എച്ച്ഒ ചുമതലയുള്ള സൈബർ പോലീസ് സ്റ്റേഷൻ ഐഎസ്എച്ച്ഒ മുഹമ്മദ്ഖാൻ, എസ്.ഐ മാരായ അനീഷ്, ശ്രീനാഥ്, ജി എസ് ഐ മാരായ താഹ കോയ, ജയൻ കെ സഖറിയ, പ്രകാശ് ചന്ദ്രൻ സിപിഒ ഷാജി എന്നിവരാണ് പ്രതിയെ പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

## കരുനാഗപ്പള്ളിയിൽ വിദേശമദ്യം വിൽപ്പന നടത്തിയയാൾ അറസ്റ്റിൽ.

കൊല്ലം : കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കൈവശം സൂക്ഷിച്ചതിന് ആലപ്പാട് പണ്ടാരത്തുരുത്തിൽ കിഴക്കേ വീട്ടിൽ മോഹൻദാസ് മകൻ രാഹൂൽദാസ് ആണ് പിടിയിലായത്. കരുനാഗപ്പള്ളി ഡ്രീംസ് ആർക്കേഡ് ബിൽഡിംഗിന് സമീപത്തുനിന്നുമാണ് 500 മി. ലി. കൊള്ളുന്ന 18 കുപ്പികളിലായി 8.7 ലിറ്റർ വിദേശമദ്യവുമായി രാഹൂൽദാസിനെ പിടികൂടിയത്.



രാഹൂൽദാസ്

കൊല്ലം സിറ്റി പോലീസ് കമ്മീഷണറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് ഐഎസ്എച്ച്ഒ ജി ഗോപകുമാർ, എസ് ഐ ജയശങ്കർ, സിപിഒ മാരായ സാബു, രജീഷ് എന്നിവരാണ് പ്രതിയെ പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

Dated : 20/08/2021

## എക്സൈസ് സംഘത്തെ ആക്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ.

കൊല്ലം : കൊല്ലം വെസ്റ്റ് വില്ലേജിൽ ആനന്ദവല്ലീശ്വരം ക്ഷേത്രത്തിന് സമീപം കൈക്കുളങ്ങര എആർഎ 111 ഗരീഷ് ഭവനിൽ സോമശേഖരൻപിള്ളയുടെ മക്കളായ രാജേഷ് (25) ഗിരീഷ് (27) എന്നിവരാണ് അറസ്റ്റിലായത്. ഒന്നാം പ്രതി രാജേഷ് കഞ്ചാവ് വിൽപ്പന നടത്തുന്നതായി എക്സൈസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ ഒന്നാം പ്രതി രാജേഷിന്റെ വീടിന് മുൻവശം എത്തിയ സമയം അവിടെ നിൽക്കുകയായിരുന്ന രാജേഷിന്റെ സഹോദരനായ രണ്ടാം പ്രതി ഗിരീഷിനോട് വിവരങ്ങൾ തിരക്കിയതിൽ ക്ഷുഭിതരായ പ്രതികൾ എക്സൈസ് സംഘത്തിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർമാരായ ശ്രീനാഥിനേയും ഗോപകുമാറിനേയും ദേഹോപദ്രവമേൽപ്പിച്ചിട്ടുള്ളതും ഡ്യൂട്ടി തടസ്സപ്പെടുത്തിയിട്ടുള്ളതിനുമായി രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. എക്സൈസ് ഉദ്യോഗസ്ഥർ ജില്ലാ ആശുപത്രിയിൽ ചികിൽസ തേടിയിട്ടുള്ളതാണ്.

സംഭവത്തിനുശേഷം ഒളിവിൽപ്പോയ പ്രതികളെപ്പറ്റി കൊല്ലം സിറ്റി പോലീസ് കമ്മീഷണറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ ഐഎസ്എച്ച്ഒ ബി. ഷെഫീക്ക് എസ് ഐ മാരായ ശ്യാംകുമാർ, ആശ, എ എസ് ഐ നിസാം, എസ് സി പി ഒ ഉണ്ണികൃഷ്ണൻ, സിപിഒ മാരായ ഷെമീർ, ബാസ്റ്റിൻ എന്നിവരാണ് പ്രതിയെ പിടികൂടിയത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്.

## ഓണത്തിരക്കിലും കോവിഡ് പ്രതിരോധ ബോധവൽക്കരണ സന്ദേശവുമായി വിവിധ മേഖലകളിൽ - കൊല്ലം സിറ്റി പോലീസ്

കൊല്ലം : ജില്ലയിൽ കോവിഡ് വ്യാപനം പടരുന്ന സാഹചര്യത്തിൽ ആയതിന് തടയിടുന്നതിനായി വിവിധ പദ്ധതികളുമായി സിറ്റി പോലീസ്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇൻസ്പെക്ടർ ഗോപകുമാറിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പോസ്റ്ററുകൾ പതിച്ചും വ്യാപാര സ്ഥാപനങ്ങളിൽ ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയും നഗരവീഥികളിൽ അനൗൺസ്മെന്റുകൾ നടത്തിയും ബോധവൽക്കരണ പരിപാടിയിൽ പങ്കാളിയായി. ഓച്ചിറ, ചവറ, തെക്കുംഭാഗം, ശക്തികുളങ്ങര കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, അഞ്ചാലുമ്മൂട്, കിളികൊല്ലൂർ, ഇരവിപുരം, കൊട്ടിയം, കണ്ണനല്ലൂർ, ചാത്തന്നൂർ, പരവൂർ, പാരിപ്പള്ളി എന്നീ സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ തുടങ്ങി ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

പള്ളിത്തോട്ടം ഇൻസ്പെക്ടർ ആർ. ഫയാസിന്റെ നേതൃത്വത്തിൽ മൽസ്യലേല ഹാളുകളിൽ മൽസ്യതൊഴിലാളികൾക്കും മൽസ്യമെഖലയുമായി ബന്ധപ്പെട്ട മറ്റ് തൊഴിലാളികൾക്കും പ്രത്യേക ബോധവൽക്കണ പരിപാടി സംഘടിപ്പിച്ചു.

കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് ന്റെ നിർദ്ദേശപ്രകാരം കൊല്ലം എസിപി എ പ്രദീപ്, ചാത്തന്നൂർ എസിപി യുടെ ചുമതല വഹിക്കുന്ന കൊല്ലം സിറ്റി ഡിസിആർബി എസിപി എം എസ് സന്തോഷ്കുമാർ, കരുനാഗപ്പള്ളി എസിപി ഷൈനു തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്.